സർക്കാരുമായി കരാറിൽ ഏർപ്പെട്ട സ്വാശ്രയ കോളേജുകൾ

132(2601) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-ൽ എം.ബി.ബി.എസ്. പ്രവേശനത്തിന് സർക്കാരുമായി കരാറിൽ ഏർപ്പെട്ടതും അല്ലാത്തതുമായ എത്ര സ്വാശ്രയ കോളേജുകൾ ഉണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഒപ്പിട്ട എല്ലാ സ്വാശ്രയ കോളേജുകളുടേയും കരാർ വ്യവസ്ഥ ഒരേ നിലയിലുള്ളതാണോ ; വ്യത്യാസം ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ ;

(സി) ന്യൂനപക്ഷങ്ങളുടെ പേരിൽ പദവി നേടിയ ന്യൂനപക്ഷ കോളേജുകളിൽ പ്രവേശനം ന്യൂനപക്ഷങ്ങൾക്ക് മാത്രമല്ലാതിരിക്കുകയും കൂടുതൽ പണം കോഴ നൽകുന്നവർക്ക് പ്രവേശനം ലഭിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടായിരിക്കെ കരാർ വ്യവസ്ഥകളിൽ ന്യൂനപക്ഷ മാനേജ്മെന്റുകൾക്ക് പ്രത്യേക വ്യവസ്ഥകൾ ഏർപ്പെടുത്തുന്നത് ശരിയാണെന്ന് കരുതുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) എല്ലാ സ്വാശ്രയ കോളേജുകളിലും ഒരേ ഫീസ് ഘടനയുടെ 50% മെരിറ്റ് സീറ്റും ഉറപ്പാക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 30 മെഡിക്കൽ കോളേജുകളാണുള്ളത്. അതിൽ ഒരെണ്ണം ഡീംഡ് യൂണിവേഴ്സിറ്റി പദവിയിലും ഒരെണ്ണം സഹകരണ മേഖലയിലും 9 എണ്ണം സർക്കാർ മേഖലയിലും ബാക്കി 19 എണ്ണം സ്വാശ്രയ മേഖലയിലുമാണ് പ്രവർത്തിക്കുന്നത്. 2015-16 അദ്ധ്യയന വർഷം എം.ബി.ബി.എസ്. പ്രവേശനത്തിന് സർക്കാരുമായി കരാറിൽ ഏർപ്പെട്ടത് 14 സ്വാശ്രയ കോളേജുകളാണ്. കരാറിലേർപ്പെടാത്ത 6 കോളേജുകൾ താഴെ പറയുന്നവയാണ്:

1. എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം
2. ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം
3. അസീസിയ മെഡിക്കൽ കോളേജ്, കൊല്ലം
4. കെ.എം.സി.റ്റി. മെഡിക്കൽ കോളേജ്, കോഴിക്കോട്
5. കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ
6. കരുണ മെഡിക്കൽ കോളേജ്, പാലക്കാട്

(ബി) ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി ഏർപ്പെട്ട കരാറിൽ ഫീസ് ഘടനയിൽ വ്യത്യാസമുണ്ട്. മറ്റ് വ്യവസ്ഥകളെല്ലാം ഒരുപോലെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം സ്കോളർഷിപ്പിലൂടെ നൽകുമെന്ന ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് മറ്റ് സ്വാശ്രയ കോളേജുകളിൽനിന്നും വിഭിന്നമായി ന്യൂനപക്ഷ പദവിയുള്ള ക്രിസ്ത്യൻ മാനേജ്മെന്റുകൾക്ക് ഏകീകൃത ഫീസ് വ്യവസ്ഥ അനുവദിച്ചിട്ടുള്ളത്.

(ഡി) കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ള കോടതി വിധികളുടെയും സ്വാശ്രയ മാനേജ്മെന്റുകളുമായുള്ള ചർച്ചകളുടെയും അടിസ്ഥാനത്തിലാണ് ഫീസ് ഘടന നിശ്ചയിക്കപ്പെടുന്നത്. സാമൂഹിക പ്രതിബദ്ധത മുൻനിർത്തിയാണ് സർക്കാർ ഇത്തരം ചർച്ചകൾക്ക് നേതൃത്വം നൽകുന്നതും ഫീസ് ഘടന നിശ്ചയിക്കുന്നതും. ആകയാൽ എല്ലാ സ്വാശ്രയ മെഡിക്കൽ കോളേജുകളിലും 50% സീറ്റ് സർക്കാർ മെരിറ്റ് ലിസ്റ്റിൽനിന്നും അഡ്മിഷൻ പൂർത്തിയാക്കുന്നതിനായാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

ബി.ഫാം (ആയുർവേദ) യോഗ്യത

133(2602) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ഫാം. (ആയുർവേദ) യോഗ്യത നേടിയവരെ ഏതെല്ലാം തസ്തികകളിലാണ് നിയമിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോഴ്സ് പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കോഴ്സ് പൂർത്തീകരിച്ചവരെ സർക്കാർ ആശുപത്രികളിലും ഡിസ്പെൻസറികളിലും ഉണ്ടാകുന്ന സ്ഥിര, താൽക്കാലിക ഒഴിവുകളിൽ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) തടസ്സങ്ങളുണ്ടെങ്കിൽ ആയവ പരിഹരിച്ച് താൽക്കാലിക ഒഴിവുകളിൽ പ്രസ്തുത വിഭാഗക്കാരെ നിയമിക്കുന്നതിന് ആയുർവേദ ഡയറക്ടർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഭാരതീയ ചികിത്സാ വകുപ്പ് എന്നിവിടങ്ങളിലെ ആയുർവേദ ഫാർമസിസ്റ്റ് തസ്തികയുടെ യോഗ്യതയായി ബി.ഫാം (ആയുർവേദ) കോഴ്സ് അംഗീകരിക്കുവാൻ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ/1428/2013/ആ.കു.വ. തീയതി 23-4-2013 പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നിർദ്ദേശം നൽകിയിരുന്നു.

GPM. 2/242/2020-30

LIBRARY ARCHIVES Kerala Legislative Assembly